# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **29-09-2025 - ൽ മറുപടിയ്ക്ക്**

### കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റിതര വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി റോഡുസുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി റോഡുസുരക്ഷാ ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് ട്രാവൽ കാർഡുകൾ, സ്റ്റുഡൻസ് കൺസഷൻ കാർഡുകൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>സ്മാർട്ട് ട്രാവൽ കാർഡ്</u><br><br>ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിന് സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്. ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെടും. പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും. 5 ലക്ഷം സ്മാർട്ട് കാർഡുകൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടെ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു.<br><br><u>സ്റ്റുഡൻസ് കൺസഷൻ കാർഡ്</u><br><br>ഒരു കുട്ടിക്ക് കൺസഷൻ അനുവദിച്ചു കഴിഞ്ഞാൽ മുൻകാലങ്ങളിൽ പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡുകളാണ് നൽകിയിരുന്നത്. എന്നാൽ അത്തരത്തിലുള്ള പേപ്പർ രൂപത്തിലുള്ള കൺസഷൻ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി ആർ.എഫ്.ഐ.ഡി. കാർഡുകൾ ആക്കി മാറ്റി നൽകിയിട്ടുണ്ട്. ഒന്നരലക്ഷം സ്റ്റുഡൻസ് കൺസഷൻ കാർഡുകൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടെ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 18 ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ഡ്രൈവിംഗ് സ്കൂളുകളിലേക്ക് 26 ഇരുചക്രവാഹനങ്ങളും 21 കാറുകളും 11 സിമുലേറ്ററുകളും വാങ്ങിയത് കെ.ആർ.എസ്.എ. ഫണ്ട് ഉപയോഗിച്ചാണ്. |
| (ബി) | ഇതിൽ ലാഭത്തിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും നഷ്ടത്തിലുള്ള പദ്ധതികൾ എതൊക്കെയെന്നും ലാഭം/ നഷ്ടം എത്രയെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് ട്രാവൽ കാർഡുകൾ ലാഭകരമായി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഡ്രൈവിംഗ് സ്കൂളിന്റെ 2024 ജൂൺ മുതൽ 2025 ആഗസ്റ്റ് വരെയുള്ള കാലയളവിലെ ലാഭം 76,08,599/- രൂപയാണ്. |

സെക്ഷൻ ഓഫീസർ